# 25. അഴിമതി തടയാൻ

തങ്ങളുടെ കൈയിൽനിന്നു് പീരങ്കികൾ ഇന്ത്യാഗവണ്മെൻറ് വാങ്ങിയതിനു കൈക്കൂലിയായി സ്വീഡനിലെ ബോഫോർസ് കമ്പനി എത്രയോ കോടി രൂപ ചില ഇന്ത്യക്കാർക്ക് സ്വിററ്സർലൻഡിലെ ചില ബാങ്കുകളിലുള്ള സ്വകാര്യക്കണക്കുകളിൽ രഹസ്യമായി നിക്ഷേപിച്ചിട്ടുണ്ടെന്ന വസ്തുത ഇതിനകം പരസ്യമായിക്കഴിഞ്ഞിട്ടുണ്ടു്. 'പിൻതൊഴി' (കിക്ക്ബാക്ക്) എന്ന പേരിലറിയപ്പെടുന്ന ഈ കൈക്കൂലിയിലൊരു പങ്ക് വിൻഛഡ്ഡ എന്നൊരാൾ പററിയതായും വിശ്വസിക്കപ്പെടുന്നു. ഈയാൾ ദുരൂഹങ്ങളായ സാഹചര്യങ്ങളിൽ ഇന്ത്യയിൽനിന്നു് അമേരിക്കയിലേക്കു് രക്ഷപ്പെട്ടിരിക്കുകയാണു്. പാർലമെൻറ് അംഗസ്ഥാനം ഈയിടെ രാജിവെച്ച സിനിമാനടൻ അമിതാഭബച്ചൻെറ സ്വിററ്സർലൻഡിൽ പാർക്കുന്ന അനുജൻ അജിതാഭബച്ചനു് ഈ കൈക്കൂലിയുമായി ബന്ധമുണ്ടെന്നു് സംശയിക്കപ്പെടുന്നുണ്ടു്. താനോ, തൻെറ കുടുംബാംഗങ്ങളോ കൈക്കൂലി വാങ്ങിയിട്ടില്ലെന്നു് പാർലമെൻറിൽ പ്രധാനമന്ത്രി രാജീവ്ഗാന്ധി പരസ്യമായി പറയുകയുണ്ടായി. ബോഫോർസ് കമ്പനി നൽകിയ കൈക്കൂലിയെപ്പററിയുള്ള വാസ്തവ വിവരങ്ങൾ മുഴുവൻ വെളിയിൽ വരുംവരെ പ്രധാനമന്ത്രിയുടെ ഈ പ്രസ്താവന മുഖവിലയ്ക്കെടുക്കാൻ ഇന്ത്യയിൽ പലരും തയ്യാറായെന്നുവരില്ല.

പടിഞ്ഞാറെ ജർമനിയിൽനിന്നു് ഏതാനും മുങ്ങിക്കപ്പലുകൾ ഇന്ത്യാഗവണ്മെൻറ് വാങ്ങിയപ്പോഴും, ഇന്ത്യയിൽ ആർക്കൊക്കെയോ വലിയ തോതിൽ കൈക്കൂലി കിട്ടിയതായി സംശയിക്കപ്പെടുന്നുണ്ടു്. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെൻറ് തലത്തിൽ ഒരന്വേഷണം നടത്തുന്നതിനു്, രാജിവെച്ച രാജ്യരക്ഷാമന്ത്രി വി. പി. സിംഹ് ഉത്തരവിട്ടിരുന്നു; ഈ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്നാണു് പറയപ്പെടുന്നതു്. ഇന്ത്യക്കാർക്കു് സ്വിസ് ബാങ്കുകളിലുണ്ടെന്നു പറയപ്പെടുന്ന രഹസ്യനിക്ഷേപങ്ങളുടെ വിവരം ശേഖരിക്കുന്നതിനു് അമേരിക്കയിലെ 'ഫെയർഫാക്സ്' എന്ന രഹസ്യാന്വേഷണക്കമ്പനിയുമായി ഒരു കരാറിലേർപ്പെട്ടതിനെത്തുടർന്നാണ് വി. പി. സിംഹ് ധനകാര്യമന്ത്രിസ്ഥാനത്തുനിന്നു് രാജ്യരക്ഷാമന്ത്രിസ്ഥാനത്തേക്കു് മാററപ്പെട്ടതു്. ഈ ഇടപാടു സംബന്ധിച്ച ശരിയായ വിവരങ്ങളും ഇനിയും വെളിപ്പെടുത്തപ്പെട്ടിട്ടില്ല.

കേന്ദ്രഗവണ്മെൻറിലും, കേന്ദ്ര പാർലമെൻറിൽ ബഹുഭൂരിപക്ഷമായ കോൺഗ്രസ് പാർട്ടിയിലും ജനങ്ങളുടെ വിശ്വാസം, മുമ്പു് ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത വിധത്തിൽ, അടിയോടെ തകർന്നു പോകുന്നതിനു് ഫെയർഫാക്സ്–മുങ്ങിക്കപ്പൽ–ബോഫോർസ്–അപവാദങ്ങൾ കാരണമായിട്ടുണ്ടു്. 'കറപുരളാത്തവൻ' (ക്ലീൻ) എന്ന രാജീവ്ഗാന്ധിയുടെ പ്രശസ്തി, ഒരുപക്ഷേ, എന്നെന്നേക്കുമായി, അസ്തമിച്ചിരിക്കുന്നു. കോൺഗ്രസ് പാർട്ടിയും ആ പാർട്ടി നയിക്കുന്ന ഇന്ത്യയിലെ കേന്ദ്രഗവണ്മെൻറും അഴിമതിയുടെ ചെളിയിൽ കഴുത്തോളം മുങ്ങിയാണു് നിലകൊള്ളുന്നതെന്ന ധാരണ ഈ നാട്ടിലെ ജനകോടികളിൽ ഉളവായിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ പാർലമെൻറ് പിരിച്ചുവിട്ടു് പുതിയ പൊതു തിരഞ്ഞെടുപ്പു് നടത്തുന്നപക്ഷം, കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർത്ഥികൾ അമ്പേ തറപററുമെന്നതിൽ സംശയം വേണ്ട. രാജീവ്ഗാന്ധിപോലും ആ തിരഞ്ഞെടുപ്പിൽ ജയിക്കുമോ എന്ന കാര്യം കണ്ടുതന്നെ അറിയണം.

ഈ അപവാദങ്ങളുമായി ബന്ധപ്പെട്ട്, പത്രങ്ങളിലും പ്രസംഗവേദികളിലും നിയമസഭകളിലും കറെക്കാലമായി നിരന്തരം നടന്നുവരുന്ന ആരോപണ പ്രത്യാരോപണങ്ങൾ ജനാധിപത്യത്തിന്റെ വിശുദ്ധിയിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം പാടെ നശിപ്പിച്ചിരിക്കുന്നു. ഈ വിശ്വാസക്ഷയത്തിന്റെ ദുഷ്ഫലം അനുഭവിക്കേണ്ടി വരുക കോൺഗ്രസ് പാർട്ടി മാത്രമല്ല. എല്ലാ പാർട്ടികളും ഒരുപോലെ അഴിമതിക്കാർ ആണെന്ന ധാരണ ഇന്ത്യയിലെ സാധാരണ ജനങ്ങളിൽ വേരുറച്ചു കഴിഞ്ഞിട്ടുണ്ട്. കറുപ്പുനിറത്തിന്റെ താരതമ്യത്തിൽ കരിക്കലത്തിനും കാപ്പിക്കുണ്ടിക്കും തമ്മിലുള്ള വ്യത്യാസമേ, അഴിമതിയുടെ കാര്യത്തിൽ ഒരു പാർട്ടിയും മറ്റൊരു പാർട്ടിയും തമ്മിലുള്ളു എന്നു വിശ്വസിക്കുകയും പറയുകയും ചെയ്യാത്തവർ ഇന്നത്തെ ഇന്ത്യയിൽ കുറവാണ്. ജനാധിപത്യം പരമാവധി ദുഷിച്ച്, സാധാരണജനങ്ങളെ മർദിക്കുന്നതിനും ചൂഷണം ചെയ്യുന്നതിനും സാമൂഹ്യവിരുദ്ധരുടെ കൈയിലുള്ള തീക്ഷ്ണമായ ഉപകരണമായി ഭരണകൂടം മാറുക എന്നതായിരിക്കും ഇതിന്റെ ഫലം.

അഴിമതിയുടെ സ്രോതസ്സ് അധികാരമാകുന്നു. അധികാരമുള്ളവർക്കേ അഴിമതി ചെയ്യാൻ കഴിയൂ. ഇന്ത്യയിൽ അധികാരം, തിരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധികളും, അവർ നൽകുന്ന നിയമനങ്ങളിലൂടെ ഉദ്യോഗസ്ഥന്മാരും നേടുന്നു. തിരഞ്ഞെടുപ്പ് എന്ന അടിസ്ഥാനപ്രക്രിയയെ അഴിമതിയിൽനിന്നു മോചിപ്പിച്ചാൽ മാത്രമേ ജനാധിപത്യസംവിധാനത്തിൽ ഉദ്യോഗസ്ഥന്മാരുടെ അഴിമതി തടയാനൊക്കൂ.

അഞ്ചു വർഷംമുമ്പ് ഈ പംക്തിയിൽ ഞാൻ എഴുതി:

'തിരഞ്ഞെടുപ്പിനുള്ള ഭീമമായ ചെലവ് ആർ വഹിക്കുന്നു? പാർട്ടികൾതന്നെ. അതിനാൽ പാർട്ടികളുടെ മുഖ്യമായ തൊഴിൽ പണപ്പിരിവായിരിക്കുന്നു. ഭരണകക്ഷിക്കു പണപ്പിരിവിനു കൂടുതൽ സൗകര്യമുണ്ട്. പക്ഷേ, എല്ലാ പാർട്ടികളും അടുത്ത തിരഞ്ഞെടുപ്പിനുള്ള പണം ഇപ്പോൾത്തന്നെ പിരിച്ചുതുടങ്ങുന്നു. പിരിവു നിരന്തരമായി തുടരുന്നു....പരക്കെ അറിയപ്പെടുന്ന ന്യായമാർഗങ്ങളിലൂടെ ഇത്രയും കൂടുതൽ പണം പിരിച്ചെടുക്കുക സാദ്ധ്യമല്ല....അതുകൊണ്ടു സ്വാഭാവികമായും, പാർട്ടികൾ പിരിച്ചെടുക്കുന്നതു കണക്കിൽ കാണാത്ത കള്ളപ്പണമാണ്. കള്ളപ്പണത്തിൽ ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികൾക്കു നിക്ഷിപ്തതാല്പര്യമുണ്ട്. എല്ലാ പാർട്ടികൾക്കും....ആദ്യകാലത്തു രാഷ്ട്രീയപ്പാർട്ടികൾ പണപ്പിരിവു നടത്തിയിരുന്നതു തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പു മാത്രമായിരുന്നു. ക്രമേണ പണപ്പിരിവു രാഷ്ട്രീയപ്പാർട്ടികളുടെ നിത്യപ്രവൃത്തിയായിത്തീർന്നു. പിരിക്കുന്നതു കള്ളപ്പണമാകയാൽ കണക്കു സൂക്ഷിക്കുക അസാദ്ധ്യവുമായി. ഇതിന്റെ ഫലമോ? വ്യക്തികൾ പണം പിരിക്കുക, അവർതന്നെ അതിൽ അധികവും വിഴുങ്ങുക എന്ന നിലയിലേക്കു കാര്യങ്ങൾ എത്തി. ഇപ്പോൾ നില ഇതാണ്. ഏതു രാഷ്ട്രീയ നേതാവ് എത്ര പണം പിരിക്കുന്നു, എത്ര വിഴുങ്ങുന്നു, എത്ര പണം പാർട്ടിയിലേക്കു നൽകുന്നു എന്ന് ആർക്കും അറിഞ്ഞുകൂടാ.' (വെല്ലുവിളികൾ പ്രതികരണങ്ങൾ, പേജ് 121, 122).

ബോഫോർസ്—മുങ്ങിക്കപ്പൽ—ഫെയർഫാക്സ് അപവാദങ്ങളിൽനിന്നു കേന്ദ്രസർക്കാരും പ്രധാനമന്ത്രി രാജീവ്ഗാന്ധിയും എങ്ങനെയാണു മോചനം നേടുക എന്ന് ഇപ്പോൾ പറയാൻ വയ്യ. അതു ഭാവിയിലെ സംഭവവികാസങ്ങളെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ, ഇത്തരം അപവാദങ്ങൾ തെഴുത്തു വളരുന്നതിനു കളമൊരുക്കുന്ന തിരഞ്ഞെടുപ്പിലെ അഴിമതി എന്നന്നേക്കുമായി അവസാനിപ്പിക്കുന്നതിന് ഇനി ഒട്ടും

വൈകിച്ചുകൂടാ. ജനാധിപത്യരാഷ്ട്രമെന്ന നിലയിൽ ഇന്ത്യ നിലനിൽക്കണമെങ്കിൽ, ഈ വിഷയത്തിൽ ദേശവ്യാപകമായ ഒരു ബോധവൽക്കരണം ഇന്നത്തെ അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു.

ഇന്ത്യയിലെ ഇരുപത്തെട്ടു പ്രമുഖ പൗരന്മാർ ചേർന്നു് മദ്രാസ്സിൽ (ഹിന്ദു, ആഗസ്റ്റ് 25) പ്രസിദ്ധീകരിച്ച ഒരു പ്രസ്താവന ഈ സന്ദർഭത്തിൽ ഉദ്ബുദ്ധരായ എല്ലാ ഇന്ത്യൻ പൗരന്മാരുടെയും ഗാഢമായ ചിന്തയ്ക്കു വിഷയമാകേണ്ടതാണു്. മുൻ കേന്ദ്രമന്ത്രിമാരായ സർദാർ സ്വർണസിംഹ്, സി. സുബ്രഹ്മണ്യം, എച്ച്. എം. പട്ടേൽ, വി. കെ. ആർ. വി. റാവു; മുൻ ഗവർണർമാരും പ്രമുഖ ഉദ്യോഗസ്ഥന്മാരുമായിരുന്ന സാദിക് അലി, പി. എൻ. ഹക്സർ, എൻ. കെ. മുഖർജി, ഗോവിന്ദനാരായണൻ, ബി. കെ. നെഹ്റു, ജി. വി. കെ. റാവു, എസ്. എൽ. ശക്ദേർ, എൽ. പി. സിംഹ്, ധർമവീര; സാമൂഹ്യപ്രവർത്തകരായ ബാബാ ആംതേ, ടി. എസ്. അവിനാശലിംഗം, ആർ. ആർ. ദിവാകർ, ഏലാഭട്ട്; ശാസ്ത്രജ്ഞരും ബുദ്ധിജീവികളുമായ മാൽക്കം ആദിശേഷയ്യ, രാധാ ബേർണിയർ, ഐ. ജി. പട്ടേൽ, രാജാ രാമണ്ണ, മൃണാളിനി സാരാഭായി, ഇ. സി. ജി. സുദർശനൻ, കെ. സ്വാമിനാഥൻ, ബി. ദത്ത, ഡി. ടി. ലകഡ്‌വാല; നിയമപണ്ഡിതരായ പൽക്കീവാല, എൻ. എസ്. റാവു എന്നിവർ ഈ പ്രസ്താവനയിൽ ഒപ്പിട്ടവരിൽ ഉൾപ്പെടുന്നു. പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:

'തീവ്രമായി രാഷ്ട്രീയവൽക്കരിച്ച അന്തരീക്ഷത്തിലാണു് രാജ്യരക്ഷാസാമഗ്രികൾ വാങ്ങിയതിലെ അഴിമതികൾ സംബന്ധിച്ച വാദപ്രതിവാദങ്ങൾ നടന്നുവരുന്നതു്. തുറന്ന, ജീവനുള്ള ജനാധിപത്യത്തിൽ ഇതു പ്രതീക്ഷിക്കാവുന്നതേയുള്ളു. എന്നാൽ, പാർട്ടിവൈരങ്ങളുടെ ചട്ടക്കൂട്ടിനകത്തുവെച്ചു ചില പ്രത്യേക ഇടപാടുകളിലെ കുററവാളികളെ തിരഞ്ഞുപിടിക്കുന്നതിനുള്ള ശ്രമം നമ്മുടെ സ്ഥാപനങ്ങളുടെതന്നെ വിശ്വാസ്യതയ്ക്കു തുരങ്കംവെക്കുകയും, അതേസമയം അഴിമതി ഏതിന്റെ ബാഹ്യലക്ഷണം മാത്രമോ, ആ സാമൂഹ്യരോഗത്തെ ചികിത്സിച്ചു ഭേദപ്പെടുത്തുന്നതിൽ പരാജയപ്പെടുകയുംചെയ്യും എന്ന ആപത്തു് അവശേഷിക്കുന്നുണ്ടു്.

'രാഷ്ട്രീയപ്പാർട്ടികളുടെ മുഖ്യ വരുമാനമാർഗം ഏതെങ്കിലും തരത്തിലുള്ള അഴിമതിയായിത്തീർന്നിരിക്കുന്നു എന്നതാണു്, ഈ സാമൂഹ്യരോഗം. പ്രത്യേകിച്ചും, തിരഞ്ഞെടുപ്പുചെലവുകൾ നിർവഹിക്കുന്നതിനു രാഷ്ട്രീയപ്പാർട്ടികൾക്കു് അഴിമതിയെ ആശ്രയിക്കുകയേ നിവൃത്തിയുള്ളു എന്ന നിലവന്നിരിക്കുന്നു. ഇതിനു് ഒട്ടുവളരെ പണം വേണം; അതും കൂടെക്കൂടെ വേണം. തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള അഴിമതി ആണ്ടുതോറും അധികമായി വരികയാണു്. അതിന്റെ വലക്കെട്ടിൽ അധികാധികം രാഷ്ട്രീയപ്രവർത്തകരും ഉദ്യോഗസ്ഥരും കടുങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

'അഴിമതിയുടെ ഒരു മുഖ്യപ്രഭവം ആയിത്തീർന്നിരിക്കുന്നു പൊതുഖജനാവിലെ പണം ചെലവാക്കി സർക്കാറുദ്യോഗസ്ഥന്മാർ ഒപ്പുവെക്കുന്ന കരാറുകൾ. 'പിൻതൊഴികൾ' (കിക്ക് ബാക്കുകൾ) നേടാൻ ഇവ ഉപയോഗിക്കപ്പെടുന്നു. ഈ പിൻതൊഴിപ്പണം ഒന്നുകിൽ തിരഞ്ഞെടുപ്പുചെലവുകൾക്കായി രാഷ്ട്രീയകക്ഷികളുടെ ഫണ്ടുകളിൽ ചേർക്കപ്പെടുന്നു; അല്ലെങ്കിൽ ഏതാനും ചില രാഷ്ട്രീയപ്രവർത്തകരുടെയും ഉദ്യോഗസ്ഥന്മാരുടെയും കീശകളിൽ ചെന്നുവീഴുന്നു.

'അഴിമതി ഈ രൂപത്തിൽ വളരുന്നതിന്റെ ഫലമായി കോൺട്രാക്ടർമാർ ഉണ്ടാക്കുന്ന നിർമാണങ്ങളുടെ നിലവാരം താഴുന്നു; അവർ ഉപയോഗിക്കുന്ന വസ്തുക്കൾ കൊള്ളരുതാത്തവയാകുന്നു; ഇതിൻഫലമായി പൊതു

ജനങ്ങളുടെ താല്പര്യവും സുരക്ഷിതത്വവും അപകടത്തിലാവുകയുംചെയ്യുന്നു. ഈ കരാറുകൾ പല തരത്തിലുള്ളവയാണ്. കേന്ദ്രഗവണ്മെൻറും സ്റ്റേററ് ഗവണ്മെൻറുകളും അർദ്ധസർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും എല്ലാം, പല തലങ്ങളിൽ ഈ കരാറുകളിൽ കക്ഷികൾ ആകുന്നു. ഈ തരത്തിലുള്ള 'കോൺട്രാക്ട്—അഴിമതി' രാഷ്ട്രവ്യാപകമായിക്കഴിഞ്ഞിട്ടുണ്ടെന്നു വിശ്വസിക്കാൻ ഇന്ത്യയിലെ പൊതുജനങ്ങൾക്കു മതിയായ കാരണങ്ങളുണ്ട്.

'രാഷ്ട്രീയപ്രവർത്തനത്തെയും ഭരണത്തെയും സമഗ്രമായി ആശ്ലേഷിച്ചുകൊണ്ട് അവയുടെ കേന്ദ്രബിന്ദുവിൽ സ്ഥിതിചെയ്യുന്നതാണ് കോൺട്രാക്ട്—അഴിമതി. അതിനാൽ രാഷ്ട്രീയതലത്തിലും ഭരണതലത്തിലും അതിനെ അടിച്ചമർത്തേണ്ടിയിരിക്കുന്നു

'രാഷ്ട്രീയതലത്തിൽ അഴിമതി നിർമാർജനംചെയ്യുന്നതിനു താഴെ പറയുന്ന കാര്യങ്ങൾ ചെയ്യണം:

എ. ദേശീയതലത്തിലും പ്രാദേശികതലത്തിലും പ്രവർത്തിക്കുന്ന എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും വരുമാനവും ചെലവും ആണ്ടുതോറും പരസ്യമായി ആഡിററ്ചെയ്യണം.

ബി. തിരഞ്ഞെടുപ്പിനു പാർട്ടികളോ, വ്യക്തികളോചെയ്യുന്ന ചെലവു ചുരുക്കണം. ഓരോ തലത്തിലും തിരഞ്ഞെടുപ്പിന് ഒരു നിശ്ചിത—മാക്സിമത്തിൽ കൂടുതൽ പണം ചെലവഴിക്കരുതെന്നു നിശ്ചയിക്കണം. സ്ഥാനാർത്ഥിയും പാർട്ടിയും ചെയ്യുന്ന ചെലവിനു പുറമേ, അവക്കുവേണ്ടി മററു വ്യക്തികളും സ്ഥാപനങ്ങളുംചെയ്യുന്ന ചെലവുകൂടി ഈ മാക്സിമത്തിന് അകത്തേ വരാവൂ.

സി. അനുവദിക്കാവുന്ന തിരഞ്ഞെടുപ്പുചെലവുകൾക്ക് സ്ഥാനാർത്ഥികൾക്കും പാർട്ടികൾക്കും പൊതുഖജനാവിൽനിന്നു സഹായം നൽകണം. പാർട്ടികളുടെ പ്രവർത്തനം സംബന്ധിച്ച മാർഗനിർദേശങ്ങളുമായി ഈ ധനസഹായത്തെ ബന്ധപ്പെടുത്തണം.

ഡി. രാഷ്ട്രീയപ്പാർട്ടികളുടെ വരവുചെലവു കണക്കുകൾ ആഡിററ് ചെയ്യാനും, യഥാർത്ഥ തിരഞ്ഞെടുപ്പുചെലവുകൾ തിട്ടപ്പെടുത്താനും സർക്കാരിൽനിന്നുള്ള തിരഞ്ഞെടുപ്പുസഹായധനം യഥാസമയം നല്കാനും ഒരു സ്വതന്ത്രസംവിധാനം ഉണ്ടാക്കണം.

'ഈ ശുപാർശകൾ സംബന്ധിച്ച പ്രായോഗിക നിർദേശങ്ങളും സ്വീകരിക്കാവുന്ന വിഭിന്ന വികല്പങ്ങളും, ഇലക്ഷൻ കമ്മീഷന്റെയും തിരഞ്ഞെടുപ്പുപരിഷ്കാരം സംബന്ധിച്ച നിയമിക്കപ്പെട്ട പല കമ്മിററികളുടെയും റിപ്പോർട്ടുകളിൽ ഇപ്പോൾത്തന്നെ ലഭ്യങ്ങളാണ്. ഈ നിർദേശങ്ങൾ തത്ത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞാൽ, അവ നടപ്പിലാക്കേണ്ടതു സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കുക പ്രയാസമല്ല.

'ഇത്രയും കാര്യങ്ങൾ നടപ്പിൽ വരുത്തിയതുകൊണ്ടു മാത്രം രാഷ്ട്രീയപ്പാർട്ടികളുടെ അഴിമതി പൂർണമായും തടയപ്പെടുമെന്നു ഞങ്ങൾ പറയുന്നില്ല. എന്നാൽ, അഴിമതിയിലൂടെ വൻതോതിൽ ഫണ്ടുകൾ പിരിക്കാൻ രാഷ്ട്രീയപ്പാർട്ടികളുടെമേൽ ഇന്നു നിലനില്ക്കുന്ന സമ്മർദം കുറയ്ക്കാൻ ഈ നടപടികൾ ഉപകരിക്കുമെന്നു ഞങ്ങൾക്ക് ഉറപ്പുണ്ട്. പാർട്ടികൾ പരസ്പരം മത്സരിച്ചു തിരഞ്ഞെടുപ്പുചെലവുകൾ ഉയർത്തിയുയർത്തിക്കൊണ്ടുപോകുന്ന പ്രവണത ഈ നടപടികൾമൂലം ഇല്ലാതാവും; നിയമമനുസരിച്ചു നടക്കാനൊരുക്കമുള്ള വ്യക്തികൾക്കും പാർട്ടികൾക്കും സത്യസന്ധത പുലർത്താനുള്ള അവസരം അതോടെ കൈവരികയുംചെയ്യും.

'ഇതോടൊപ്പം പല തലങ്ങളിലുള്ള സർക്കാർ കോൺട്രാക്ടുകൾ രഹസ്യങ്ങളല്ലാതാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ കൈക്കൊ

ള്ളകയും വേണം. വലിയ കോൺട്രാക്ടുകൾ നൽകമ്പോൾ, അവ സംബന്ധിച്ച ഫയലുകൾ പരിശോധിച്ച് 'തീരുമാന–ആഡിററ്' (ഡിസിഷൻ ഓഡിററ്) നടത്തുവാൻ ഏർപ്പാടുണ്ടാക്കണം. ഇതിനു പല തലങ്ങളിലായി സ്വതന്ത്രബോർഡുകൾ സ്ഥാപിക്കണം. നിശ്ചിത കാലങ്ങളിലുള്ള ആഡിററിനു പുറമേ, പരാതികളെ ആസ്പദമാക്കിയോ, സ്വമേധയായോ പ്രത്യേക വിഷയങ്ങളിൽ അന്വേഷണം നടത്താനുള്ള അധികാരം ഈ ബോർഡുകൾ നൽകണം. ഈ ബോർഡുകളുടെ ആഡിററ് റിപ്പോർട്ടുകൾ സംബന്ധിച്ച് സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ പാർലമെൻറിലും സ്റ്റേററ് നിയമസഭകളിലും ചർച്ചകൾക്കും മേൽനടപടികൾക്കുമായി സമർപ്പിക്കണം. ഇത്തരം ബോർഡുകൾ നിഷ്പക്ഷങ്ങളും സ്വതന്ത്രങ്ങളുമായിരിക്കണമെന്നതു് പരമപ്രധാനമാകുന്നു. ഇന്ത്യയിലെ ചീഫ് ജസ്റ്റീസ്, ആഡിററർ ജനറൽ, യൂണിയൻ പബ്ളിക് സർവീസ് കമ്മീഷൻ ചെയർമാൻ എന്നിവരെപ്പോലെ നിഷ്പക്ഷരും സംശുദ്ധരുമായ ആളുകൾ ചേർന്നുവേണം ഈ ബോർഡുകളിലെ അംഗങ്ങളെ നിയമിക്കാൻ.

'അഴിമതി പല തലങ്ങളിൽ പടർന്നിരിക്കുന്നു. അതിനു് ആഴത്തിൽ വേരുകളുണ്ടു്. അതിനോടുള്ള സമരം വിഭിന്ന രംഗങ്ങളിൽ, നിരന്തരമായും നിർദാക്ഷിണ്യമായും നടത്തേണ്ടിയിരിക്കുന്നു.

'ഈ നിർദേശങ്ങൾ സ്വീകരിക്കാനും പാർലമെൻറിൻെറ ശീതകാല സമ്മേളനത്തിൽ ഇവ നടപ്പിൽ വരുത്തുന്നതിനുള്ള നിയമ–നിർദേശങ്ങൾ അവതരിപ്പിക്കാനും സർക്കാരിനോടും എല്ലാ രാഷ്ട്രീയപ്പാർട്ടികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ദേശസ്നേഹവും പൊതുജനസേവനമനോഭാവവുമുള്ള എല്ലാ വ്യക്തികളും ഈ നിർദേശങ്ങളെ പിന്താങ്ങുകയും, നമ്മുടെ രാഷ്ട്രത്തെ ബാധിച്ച ഈ അടിസ്ഥാനരോഗം പരിഹരിക്കുന്നതു സംബന്ധിച്ച് ദേശീയ—അവബോധം ഉണർത്തുന്നതിൽ സഹകരിക്കുകയും വേണം.'

പക്വമതികളും പൊതുജീവിതത്തിൽ പല വിധത്തിൽ പ്രശസ്തരുമായ ഇരുപത്തെട്ട് പൗരന്മാർ ചേർന്നു പുറപ്പെടുവിച്ചതും ക്രിയാത്മക നിർദേശങ്ങളടങ്ങിയതുമായ ഈ അഭ്യർത്ഥന എന്തുകൊണ്ടോ, ഇനിയും വേണ്ടത്ര ശ്രദ്ധ ആകർഷിച്ചതായി തോന്നുന്നില്ല. ഞാൻ കണ്ടിടത്തോളം ഒരൊററ മലയാളപത്രവും ആ അഭ്യർത്ഥനയുടെ ചുരുക്കംപോലും പ്രസിദ്ധീകരിച്ചിട്ടില്ല. 'പ്രക്ഷോഭജനകം' ആയി ഒന്നും ഈ അഭ്യർത്ഥനയിൽ നമ്മുടെ പത്രങ്ങൾ കണ്ടിട്ടില്ലായിരിക്കാം.

അതെങ്ങനെയായാലും, പാർട്ടിരാഷ്ട്രീയത്തിൽ നിക്ഷിപ്തതാല്പര്യമില്ലാത്ത വ്യക്തികളും സംഘടനകളും ഈ അഭ്യർത്ഥന ആഴത്തിൽ പഠിക്കുകയും അതിനു് ജനമദ്ധ്യത്തിൽ വിപുലമായ പ്രചാരം നൽകുകയും വേണം. നമുക്ക് ഒരു മാതൃഭൂമിയേയുള്ളു; അതിൻെറ വിശുദ്ധിയും സൽപ്പേരും നിലനിർത്തേണ്ടതു് നമ്മളല്ലെങ്കിൽപ്പിന്നെ വേറെ ആരാണ്?

(29 ആഗസ്റ്റ്, 1987)